# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -311

08.012.2016-ലെ മറുപടിക്ക്

## അരുൺകുമാറിനെതിരെയുള്ള വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.സി.പി.മുഹമ്മദ്<br>,, പി.സി വിഷ്ണുനാഥ്<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, പി.എ.മാധവൻ : | | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) | മുൻ കയർഫെഡ് എം.ഡി ശ്രീ. വി. എ.അരുൺകുമാറിനെതിരെ വിജിലൻസ് കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 18.12.2014-ൽ വി.സി.3/14/എസ്.സി.ടി നമ്പറിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ക്രമക്കേടുകളാണ് വിജിലൻസ് അന്വേഷണത്തിന്റെ പരിധിയിൽ വരുന്നതെന്ന് വിശദമാക്കുമോ; | (ബി) | 6/1999 മുതൽ 2/2001 വരെയുള്ള കാലയളവിൽ ശ്രീ. വി. എ. അരുൺകുമാർ കയർഫെഡ് എം.ഡി ആയിരിക്കെ,ചേർത്തലയിൽ കയർഫെഡിനു വേണ്ടിയുള്ള ഗോഡൗൺ നിർമ്മാണവുമായി ബന്ധപ്പെട്ട് സർക്കാരിന് നഷ്ടം വരുത്തി എന്ന ആരോപണമാണ് അന്വേഷിക്കുന്നത്. |
| (സി) | ഇത് സംബന്ധിച്ച് പരാതിയിൽ എഫ്.ഐ.ആർ സമർപ്പിച്ചിട്ടുണ്ടോ; | (സി) | പ്രസ്തുത വിജിലൻസ് കേസിൻെറ പ്രഥമവിവര റിപ്പോർട്ട് 18.12.2014 തീയതിയിൽ തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സമർപ്പിച്ചു. |
| (ഡി) | കേസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത കേസന്വേഷണം പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ